പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 244 04-02-2013-ൽ മറുപടിയ്ക്ക്

ഗുണ്ടാ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. എം.എ. വാഹീദ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഗുണ്ടാ നിയമം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; | (എ) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഭേദഗതികളാണ് നിയമത്തിൽ വരുത്താനുദ്ദേശിക്കുന്നത്; | (ബി) 2007-ലെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളുടെ പരിധിയിൽ 'മണി ചെയിൻ'കുറ്റകൃത്യങ്ങൾ കൂടി ഉൾപ്പെടുത്താനും കരുതൽ തടങ്കലിന്റെ പരമാവധി കാലയളവ് ഒരു വർഷം വരെയാക്കുന്നതിനും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ പിടിച്ചെടുക്കുന്നതിനും കണ്ടുകെട്ടുന്നതിനുമുള്ള വിശദമായ വ്യവസ്ഥകളുമാണ് ഭേദഗതി നിയമത്തിൽ പ്രധാനമായും ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (സി) ഏതെല്ലാം കുറ്റങ്ങളിലും ശിക്ഷകളിലുമാണ് ഭേദഗതി വരുത്താനുദ്ദേശിക്കുന്നത്; | (സി) ഭേദഗതി നിർദ്ദേശങ്ങൾ പ്രകാരം 'മണി ചെയിൻ' കുറ്റവാളികളെക്കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നുണ്ട്. കരുതൽ തടങ്കൽ നിയമമായതുകൊണ്ട് ഏതെങ്കിലും കുറ്റത്തിനുള്ള ശിക്ഷകൾ ഭേദഗതി നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഡി) നിയമം ഭേദഗതി ചെയ്യുന്നതിന് അംഗീകാരമായിട്ടുണ്ടോ; | (ഡി) ഉണ്ട്. |
| (ഇ) ഇതിനുള്ള നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ? | (ഇ) നിയമം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു. കരട് ബിൽ തയ്യാറാക്കുന്നതിന് നിയമവകുപ്പിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ